**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് – ഡോ നിഷിത എൻ കെ **(Dr Nishitha N K),** അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. നം. **A3/648/2024-HEALTH** തീയതി, **22.05.2025**
2. **Health A3-207/2019/** തീയതി. **23.04.2020**
3. എ1- **18468/2014/**ജിമെആ കണ്ണൂർ തീയതി **03.12.2014**
4. നം ഇഎ4- **95426/2014/**ആവഡ തീയതി. **13.01.2015**
5. ഡോ നിഷിത എൻ കെ സമർപ്പിച്ച മറുപടി തീയതി. **02.02.2015**
6. നം ഇഎ4- **95426/2014/**ആവഡ തീയതി. **23.05.2015**
7. നം ഇഎ4- **95426/2014/**ആവഡ തീയതി. **15.10.2015**
8. **GO (RT) No 4025/2015/**ആകുവ തീയതി **18.12.2025**
9. ഉത്തരവ് നം ഇഎ2- **1012/2016/**ആവഡ തീയതി **29.01.2016**
10. **Endt No 406346/A3/16/H&FW Department date 18.02.2016**
11. നം ഇഎ4- **95426/2014/**ആവഡ തീയതി. **11.03.2016**
12. ഡോ നിഷിത എൻ കെ സമർപ്പിച്ച അപേക്ഷ തീയതി. **30.05.2019, 01.07.2019**
13. നം ഇഎ4- **95426/2014/**ആവഡ തീയതി. **04.072019**
14. ഡോ നിഷിത എൻ കെ സമർപ്പിച്ച അപേക്ഷ തീയതി. **28.10.2019.**
15. നം ഇഎ4- **95426/2014/**ആവഡ തീയതി. **22.02.2020**
16. നം ഹെൽത്ത് എ3-**207/2019** തീയതി **30.09.2019, 23.04.2020**

17. GE6/C/N-757/2881 തീയതി 06.01.2020

**<u>ഉത്തരവ് നം. DHS/17495/2023-EA4 തീയതി.22-06-2025</u>**

കണ്ണൂർ വള്ളിത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരുന്ന ഡോ നിഷിത എൻ കെ 07.09.2012 ന് സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. ടിയാൾ 29.10.2014 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന വിവരം പരാമർശം (3) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ പ്രകാരം പ്രൊബേഷൻ അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (4) പ്രകാരം ടിയൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. അതിനു പരാമർശം (5) പ്രകാരം ടിയാൾ സമർപ്പിച്ച മറുപടി സമർപ്പിച്ചു. അച്ചടക്ക നടപടിയ്ക്ക് വിധേയമായി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് സമ്മതമാണെന്നും ഭാവിയിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയില്ലെന്നും വീഴ്ച വരുത്തുന്ന പക്ഷം ജോലിയിൽ തുടരാൻ താല്പര്യമില്ലെന്ന നിഗമനത്തിൽ സേവനത്തിൽ നിന്നും ടെർമിനേറ്റ് ചെയ്യാവുന്നതാണെന്നും രേഖപ്പെടുത്തി ഡോ നിഷിത എൻ കെ ലഭ്യമാക്കിയ അണ്ടർട്ടേക്കിംഗ് പരാമർശം (7) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ടിയാളെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് പരാമർശം (8) പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തിരുന്നു.

2. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡോ. നിഷിതയെ മാനന്തവാടി ജില്ലാ ആശുപത്രിയിൽ പരാമർശം (9) പ്രകാരം നിയമിച്ചു. എന്നാൽ പിജി കോഴ്സിന് ചേർന്നതിനാൽ മേൽ പറഞ്ഞ സർക്കാർ ഉത്തരവ് റദ്ദാക്കുന്നതിനും കോഴ്സ് അവസാനിക്കുന്ന മുറയ്ക്ക് മാത്രം സേവനത്തിൽ പ്രവേശിപ്പിക്കുന്നതിനും പുതുതായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (10) പ്രകാരം ടിയാൾ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. 12.06.2019 ന് കോഴ്സ് അവസാനിക്കുന്ന മുറയ്ക്ക് സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് ടിയാൾ 30.05.2019 തീയതിയിൽ പരാമർശം (12) പ്രകാരം വീണ്ടും അപേക്ഷ സമർപ്പിക്കുകയും പരാമർശം (13) പ്രകാരം ടിയാളെ പുന പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് കത്ത് നൽകുകയും ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ഡോ. നിഷിത എൻ കെ യുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലെങ്കിൽ ടിയാളുടെ പ്രൊബേഷൻ

അവസാനിപ്പിക്കുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നതിന് **30.09.2019** ലെ **Health A3- 207/2019/H & FWD** നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തു.

4. പ്രൊബേഷൻ അവസാനിപ്പിക്കരുതെന്നും സർവ്വീസിൽ നിലനിർത്തണമെന്നും കാണിച്ചു പരാമർശം (14) പ്രകാരം ഡോ. നിഷിത എൻ കെ ലഭ്യമാക്കിയ അപേക്ഷ പരാമർശം (15) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചു. ഈ ആവശ്യം സർക്കാർ അംഗീകരിച്ചിട്ടില്ല. **23.04.2020** ലെ **No Health A3- 207/2019/H & FWD,** നം എ3/648/2024-ഹെൽത്ത് തീയതി 22.05.2025 എന്നീ കത്തുകൾ പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരിയ്ക്കുകയാണ്.

(5) ഡോ. നിഷിത എൻ കെ യുടെ ആവശ്യം വിശദമായി പരിശോധിച്ചു. **29.10.2014** മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയും, തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരികെ പ്രവേശിപ്പിക്കുകയും, നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടും പോസ്റ്റ് ചെയ്യപ്പെട്ട സ്റ്റേഷനിൽ ഡോ. നിഷിത ജോലിയിൽ പ്രവേശിക്കാതിരുന്നു. ഡോ. നിഷിത എൻ കെ യുടെ ഈ നടപടി അംഗീകരിക്കുവാൻ കഴിയില്ല. എല്ലാ നിർദേശങ്ങളും ലംഘിച്ചുകൊണ്ട് തന്നിഷ്ട പ്രകാരം സേവനത്തിൽ നിന്നും വിട്ടു നിന്ന പ്രൊബേഷണർ ആയ ഡോ നിഷിത എൻ കെ (**Dr Nishitha N K**) അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമേ അല്ല എന്ന് വിലയിരുത്തുന്നു.

**(6).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ നിഷിത എൻ കെ (**Dr Nishitha N K**) അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 22-06-2025 12:44:40

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Nishitha N K,**

**Edakkat, Mathara (PO),**

**Guruvayurappan College, Kozhikkode**

പകർപ്പ്,

1. അഡീഷണൽ ചീഫ് സെക്രട്ടറി,

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,

ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)

2. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കണ്ണൂർ.

4. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

പ്രാഥമികാരോഗ്യ കേന്ദ്രം വള്ളിത്തോട്, കണ്ണൂർ.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

5. ഫയൽ